# ഏലിയ – ശ്ലീഹ – മൂശാക്കാലം

## വചന വിചിന്തനം

### ശ്ലീവക്കാലം രണ്ടാം ഞായർ

മത്താ 17,14-21

> **കർത്താവിൽ ആശ്രയിക്കുന്നവർ**
> **അചഞ്ചലമായി എന്നേക്കും നിലകൊള്ളുന്ന**
> **സിയോൻപർവ്വതം പോലെയാണ്** (സങ്കീ 125,1)

വിശ്വസാത്തെയും വിശ്വാസരാഹിത്യത്തെയും ഒപ്പം കടുകുമണി പോലുമില്ലാത്തെ വിശ്വാസത്തെയും കുറിച്ചുളള പഠനമാണ് രൂപാന്തരീകരണത്തിന് ശേഷം മലയിറങ്ങിവരുന്ന ക്രിസ്തു വചനഭാഗത്തിലൂടെ സമ്മാനിക്കുന്നത്.

"ശിഷ്യൻമാർ തനിച്ച് യേശുവിനെ സമീപിച്ചു ചോദിച്ചു. എന്തുകൊണ്ടാണ് അതിനെ ബഹിഷ്കരിക്കാൻ ഞങ്ങൾക്കു കഴിയാതെ പോയത്?

യേശു പറഞ്ഞു, നിങ്ങളുടെ അൽപവിശ്വാസം കൊണ്ടുതന്നെ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്, ഇവിടെ നിന്നു മാറി മറ്റൊരു സ്ഥലത്തേക്കു പോവുക, എന്നു പറഞ്ഞാൽ അതു മാറിപ്പോകും. നിങ്ങൾക്ക്യാതൊന്നും അസാധ്യമായിരിക്കുകയില്ല" (മത്താ 17,19 - 21).

*ജനത്തിന് മുന്നിൽ പരാജയപ്പെട്ട ശിഷ്യർ കർത്താവിന് മുന്നിൽ അഭയം തേടുന്നു. കർത്താവ് അഭയം തേടിയവരെ വിജയിപ്പിക്കുന്നു!*

വിശ്വാസത്തിന്റെ കാര്യത്തിൽ നിലം തികഞ്ഞവരും വിശുദ്ധിയുടെ കാര്യത്തിൽ അതിവിശുദ്ധി സ്വന്തമാക്കിയവരുമെന്ന് അഹംങ്കരിച്ചിരുന്ന ശ്ലീഹൻമാർ ഏറ്റവും ചെറിയ കാര്യത്തിന്റെ മുമ്പിൽ പോലും പതറിപോകുന്നു. എന്നാൽ, വാസ്തവത്തിൽ പിശാചുക്കളെ ബഹിഷ്ക്കരിക്കാനുളള കഴിവ് യേശു താൻ ഏറെ സ്നേഹിച്ച് സ്വന്തമാക്കിയിരുന്ന ശിഷ്യർക്ക് നൽകിയിരുന്നതാണ്. അവർ പിശാചുക്കളെ ബഹിഷ്കരിക്കുന്നതിന് വി.മത്തായിശ്ലീഹയുടെ സുവിശേഷം സാക്ഷ്യം നൽകുന്നുമുണ്ട്. യേശു ശിഷ്യൻമാരെ ദൗത്യം ഏൽപ്പിക്കുന്നത് ഇപ്രകാരമാണ്;

"സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രസംഗിക്കുവിൻ. രോഗികളെ സുഖപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കുകയും കുഷ്ഠരോഗികളെ ശുദ്ധരാക്കുകയും പിശാചുക്കളെ ബഹിഷ്കരിക്കുകയും ചെയ്യുവിൻ. ദാനമായി നിങ്ങൾക്കു കിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ" (മത്താ 10,7 - 78).

എന്നിട്ടും, മണ്ണ് അധികമില്ലാത്ത നിലത്ത് വീണ വിത്തിനെ പോലെ ശിഷ്യരുടെ വിശ്വാസം മാറ്റപ്പെടുകയാണ്. പെട്ടന്ന് മുളച്ച് പൊന്തി, പക്ഷെ, മണ്ണ് അധികമില്ലാതിരുന്നതുകൊണ്ട് അത് വെയിലേറ്റപ്പോൾ പെട്ടന്ന് വാടി പോയി. രണ്ടും സംഭവിക്കുന്നതും പെട്ടന്നാണ്. മുളച്ച് പൊന്തുന്ന ക്ഷണം തന്നെ വാടി പോകുന്നതു പോലെ, അൽഭുതങ്ങൾ പ്രവർത്തിക്കാനുളള വരം സ്വന്തമാക്കുന്ന ശിഷ്യൻ അത് ഉപയോഗിക്കാൻ പഠിക്കുന്നതിന് മുമ്പ് തന്നെ വിശ്വാസരാഹിത്യം (ക്രിസ്തുവിലുളള ആഴത്തിലുളള വേരോട്ടം ഇല്ലാതതു കൊണ്ട്) മൂലം അൽഭുതങ്ങൾ പ്രവർത്തിക്കാനുളള ശക്തി നഷ്ടപെടുത്തുന്നു. കാരണം, കടുകുമണിയുടെ അത്രയ്ക്ക്പോലും വിശ്വാസ മില്ലായ്മയാണ്.

വളരെ രസകരമായ ഒരു കഥ കേട്ടിട്ടുണ്ട്. അത് ഇപ്രകാരമാണ്; നട്ടിൽ കൊടിയ വരൾച്ചയാണ്. മഴയില്ല വെളളമില്ല. ജലത്തിന് വേണ്ടി ജനം നെട്ടോടമോടുകയാണ്. യാഗം

നടത്തിയിട്ടും ഹോമം നടത്തിയിട്ടും ദൈവം പ്രസാദിക്കുന്നില്ല. അവസാനം, നാട്ടുകൂട്ടത്തിലെ മൂപ്പൻ പറഞ്ഞു,

"അടുത്ത ശനിയാഴ്ച്ച കുട്ടികളെല്ലാം വിദ്യാലയത്തിൽ ഒരുമിച്ച് കൂടി പ്രാർത്ഥനാ കൂട്ടായ്മ നടത്തട്ടെ. കുട്ടികളുടെ പ്രാർത്ഥന നിഷ്കളങ്കമായ പ്രാർത്ഥനയാണ്. അതുകൊണ്ട് ദൈവം കേൾക്കും. നമുക്ക് മഴ ലഭിക്കും."

എല്ലാവരും പറഞ്ഞു, "അതു ശരിയാ. കുട്ടികളുടെ പ്രാർത്ഥന ദൈവം കേൾക്കും. എല്ലാ കുട്ടികളും ശനിയാഴ്ച്ച് വിദ്യാലയത്തിൽ ഒരുമിച്ച് കൂടി പ്രാർത്ഥിക്കട്ടെ."

ശനിയാഴ്ച്ചയായ്. എല്ലാ കുട്ടികളും പ്രാർത്ഥിക്കാനായ് ഒരുമിച്ച് കൂടി. പക്ഷെ, കൗതുകമെന്ന് പറയുന്നത്. മഴയ്ക്ക് വേണ്ടി പ്രാർത്ഥിക്കാൻ ഒരുമിച്ച് കൂടിയപ്പോൾ ഒരു വിദ്യാർത്ഥികമാത്രമാണ് കുടയുമായ് വന്നത്. കാരണം, അവനുറപ്പായിരുന്നു, 'താൻ പ്രാർത്ഥിച്ചാൽ ദൈവം കേൾക്കുമെന്നും മഴ സമ്മാനിക്കുമെന്നും.'

ഇതു കണ്ട അദ്ധ്യാപകൻ അവനെ പ്രോത്സാഹിപിച്ച് കൊണ്ട് മൈക്കിലൂടെ പറഞ്ഞു; "പ്രിയമുള്ള അദ്ധ്യാപകരെ, വിദ്യാർത്ഥികളെ.... പലപ്പോഴും നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാത്തതിനുള്ള കാരണം വിശ്വാസമില്ലായ്മയാണ്. വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുന്നതെല്ലാം ദൈവം കേൾക്കും. ഇന്നുതന്നെ നാം പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിച്ചപ്പോൾ എന്തുമാത്രം വിശ്വാസത്തോട് കൂടെയാണ് നാം ഒരുമിച്ച് കൂടിയതെന്ന് എനിക്ക് സംശയം ഉണ്ട്. കാരണം, മഴയ്ക്ക് വേണ്ടി പ്രാർത്ഥിക്കാൻ നാം ഒരുമിച്ച് കൂടിയിട്ട്, മഴ പെയ്യുമെന്നും, വീട്ടിലേയ്ക്ക് തിരിച്ച് പോകാൻ കുട വേണമെന്നുമുള്ള വിശ്വാസത്തോടെ കുടയുമായ് ഇവിടെ എത്തിയത് ഒരാൾ മാത്രമാണ്."

പുത്രന് വേണ്ടി കേണപേക്ഷിക്കുന്ന പിതാവ്! ഇത്തരം പിതാക്കൻമാരുടെ സാന്നിദ്ധ്യം ഇന്ന് കുടുംബങ്ങളിൽ നിന്ന് അന്യം നിൽകുന്നുണ്ടോ?

ഈ സമയം ഇത് കേട്ട മറ്റൊരദ്ധ്യാപകൻ അടക്കം പറയുകയാണ്;

"പിന്നെ, ഈ കുട്ടികളുടെ പ്രാർത്ഥനകളെല്ലാം ദൈവം കേട്ടിരുന്നെങ്കിൽ എന്നേ അദ്ധ്യാപകരുടെ തലയിൽ എന്നേ ഇടിതീ വീഴുമായിരുന്നു!"

വിശ്വാസത്തെ കുറിച്ചുള്ള സാക്ഷ്യം ഇപ്രകാരമാണ്; "വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്" (ഹെബ്രാ 11,1). ഒരായുസിന്റെ മുഴുവൻ സമ്പാദ്യങ്ങളും ഒരറ്റ രാത്രികൊണ്ട് ഉപേക്ഷിച്ച് ദൈവം കാട്ടിയ വഴിയിലൂടെ അബ്രാഹം യാത്ര ചെയ്യുന്നുണ്ടെങ്കിൽ, ബലിയർപ്പിക്കാൻ മോറിയ ലക്ഷ്യമാക്കി യാത്ര ചെയ്യുമ്പോൾ, "ബലിമൃഗം എവിടെ അപ്പാ?" എന്നുള്ള ചോദ്യത്തിന് ബലിയാകേണ്ടവൻ നിയല്ല, മറിച്ച്, ബലി മൃഗത്തെ കർത്താവ് തരും എന്നുള്ള ബോദ്ധ്യത്തിൽ അബ്രാഹം യാത്ര ചെയ്യുന്നുണ്ടെങ്കിൽ ഒന്നുറപ്പാണ്, വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യത്തിൽ അബ്രാഹം അഴപ്പെട്ടിരുന്നു.



മലയെ മാറ്റുന്ന വിശ്വാസത്തെ കുറിച്ചുള്ള പഠനമാണ് കർത്താവ് പങ്കുവയ്ക്കുന്നത്. എങ്കിൽ, മനസിലാക്കാവുന്ന ഭാഷയിൽ ഇതിനെ ഇപ്രകാരം ചുരുക്കാം. "മലയെ മാറ്റാൻ എന്തുമാത്രം വിശ്വാസം വേണം? ക്രിസ്തു പറയുന്നു; കടുകുമണിയോളം." മലയെന്നു പറയുന്നത് ഒരുവൻ അഭിമുഖികരിക്കുന്ന മുഴുവൻ പ്രശ്നങ്ങളുടെയും പ്രതിബന്ധങ്ങളുടെയും പ്രതികമാണ്. എന്നാൽ, ഇവയെ മാറ്റാൻ അവശ്യമുള്ളതോ, കടുകുമണിയോളം വിശ്വാസം മാത്രം. ഈ വിശ്വാസത്തിന്റെ കുറവ് നിമിത്തമാണ് പലപ്പോഴും പ്രതിസന്ധികൾക്കും പ്രതിബന്ധങ്ങൾക്കുമുമ്പിലും നാം പകച്ച് പോകുന്നത്. "ആനയ്ക്ക് തടി ഭാരം; ഉറുമ്പിന് അരി ഭാരം!" ഓരോരുത്തരുടെയും പ്രതിസന്ധികളും പ്രതിബന്ധങ്ങളും വ്യതിരക്തങ്ങളാണ്. അവിടെയൊക്കെ ഇതിനെ അതിജീവിക്കണമെങ്കിൽ അടിസ്ഥാനപരമായ് നാം സ്വന്തമാക്കേണ്ടത് ക്രിസ്തുവിലുള്ള ആഴത്തിലുള്ള വിശ്വാസം മാത്രമാണ്. കാരണം വചനം സാക്ഷ്യപ്പെടുത്തുന്നു;

"കർത്താവിൽ ആശ്രയിക്കുന്നവൻ അനുഗൃഹീതൻ; അവൻെറ പ്രത്യാശ അവിടുന്നുതന്നെ. അവൻ ആറ്റുതീരത്തു നട്ട മരംപോലെയാണ്. അതു വെള്ളത്തിലേക്കു വേരൂന്നിയിരിക്കുന്നു. അതുവേനൽക്കാലത്തെ ഭയപ്പെടുന്നില്ല. അതിൻെറ ഇലകൾ എന്നും പച്ചയാണ്; വരൾച്ചയുടെ കാലത്തും അതിന് ഉത്കണ്ഠയില്ല; അതു ഫലം നൽകിക്കൊണ്ടേയിരിക്കും" (ജെറമിയ 17,7 - 9).

വചനം സമ്മാനിക്കുന്ന അനുകരണിയമായ മാതൃക; "ശിഷ്യൻമാർ തനിച്ച് യേശുവിനെ സമീപിച്ചു ചോദിച്ചു. എന്തുകൊണ്ടാണ് അതിനെ ബഹിഷ്കരിക്കാൻ ഞങ്ങൾക്കു കഴിയാതെ പോയത്? യേശു പറഞ്ഞു: നിങ്ങളുടെ അൽപവിശ്വാസം കൊണ്ടു തന്നെ" (മത്താ 17,19 - 20). ജീവിതത്തിലെ കുറവുകൾക്ക് കർത്താവിനോട് കാരണം ചോദിച്ച് അതിനെ അതിജീവിക്കാൻ പരിശ്രമിക്കുന്ന ശിഷ്യർ! ജനകൂട്ടത്തന്റെ നടുവിൽ വച്ച് പരാജയപ്പെടുന്നവർ പകച്ച് നിൽക്കുകയല്ല, മറിച്ച്, പരാജയക്കാരണം തേടി ദൈവതിരുസന്നിധിയിലേയ്ക്ക് യാത്ര ചെയ്യുകയാണ്. ജീവിത്തിൽ, കുടുംബത്തിൽ, സമൂഹത്തിൽ, ജോലിസ്ഥലങ്ങളിൽ പരജയപ്പെടുമ്പോൾ പകച്ച്നിൽക്കാനും യൂദാസിനെപ്പോലെ ഒരു ചാൺ കയറിൽ എല്ലാം അവസാനിപ്പിക്കാനും എളുപ്പമാണ്. പക്ഷെ, ദൈവതിരുസന്നിധിയിൽ കാരണങ്ങളായായും അതിൽ നിന്ന് ജീവിതത്തെ അതിജീവനത്തിന്റെ മാതൃകയിലൂടെ യാത്ര ചെയ്യുപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ കർത്താവ് സമ്മാനിക്കുന്ന ഇടം ദൈവരാജ്യമായിരിക്കും.

കർത്താവ് തോൽവിയുടെ കാരണങ്ങൾ കാണിച്ച് തന്ന് രക്ഷപ്പെടുകയല്ല ചെയ്യുന്നത്. മറിച്ച്, വിജയിക്കാനുള്ള മാർഗ്ഗവും കർത്താവ് കാണിച്ച് കൊടുക്കുന്നുണ്ട്;

"ശിഷ്യൻമാർ തനിച്ച് യേശുവിനെ സമീപിച്ചു ചോദിച്ചു. എന്തുകൊണ്ടാണ് അതിനെ ബഹിഷ്കരിക്കാൻ ഞങ്ങൾക്കു കഴിയാതെ പോയത്? യേശു പറഞ്ഞു: നിങ്ങളുടെ അൽപവിശ്വാസം കൊണ്ടു തന്നെ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്, ഇവിടെ നിന്നു മാറി മറ്റൊരു സ്ഥലത്തേക്കു പോവുക, എന്നു പറഞ്ഞാൽ അതു മാറിപ്പോകും. നിങ്ങൾക്ക്യാതൊന്നും അസാധ്യമായിരിക്കുകയില്ല" (മത്താ 17,19 - 20). അപ്പോൾ, വിജയിക്കാനുള്ള മാർഗ്ഗം = വിശ്വാസം!

*പ്രാർത്ഥനയിലൂടെ
ശക്തി സ്വന്തമാക്കി
(രൂപാന്തരീകരണത്തിന് ശേഷം)
അൽഭുതം ചെയ്യുന്ന
ക്രിസ്തു!
ശിഷ്യൻമാർക്ക്
ഇല്ലാതെ പോയതും
ഇതു തന്നെയാണ്.*

***"വിശ്വാസം എന്നതു
പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും
കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്."***

ഹെബ്രാ 11,1

ഫാ. ജോബി മേനോത്ത് : +91 944 7777 931